ഒരു നെല്ലും ഒരു മീനും പദ്ധതി

73 (4681) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കും ;

(ബി) പശ്ചിമബംഗാളിൽ ചെയ്യുന്നതുപോലെ നെൽകൃഷിയും മീൻ വളർത്തലും ഒന്നിച്ച് നടത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി നടപ്പാക്കുന്ന പാടശേഖരസംഘങ്ങൾക്ക് അഡ്വാക് മുഖാന്തിരം സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നല്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല.

(സി) പരിശോധിക്കാം.

മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

74 (4682) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ: എ. ഡി. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര പുതിയ മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിച്ചു ;

(ബി) അനർഹമായവർക്ക് ഈ സംഘങ്ങൾ വൻതുക നൽകിയതായി ആരോപണമുണ്ടായിട്ടുണ്ടോ ;

(സി) ഈ സംഘങ്ങൾ മത്സ്യഫെഡിന് വളരെയധികം കുടിശ്ശിക നൽകാനുണ്ടോ ;

(ഡി) മത്സ്യഫെഡിന്റെ മുൻചെയർമാൻമാരായ വി. ദിനകരനും വി. വി. ശശീന്ദ്രനും അംഗങ്ങളായിട്ടുള്ള സംഘങ്ങൾ 31-8-2002-ലെ കണക്ക് അനുസരിച്ച് എന്ത് തുകയുടെ കുടിശ്ശിക വരുത്തി ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2002 സെപ്റ്റംബർ 18-ന് മത്സ്യഫെഡ് ഭരണസമിതിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടികയിൽ പ്രവർത്തനക്ഷമമായ 80-ഓളം യു.ഡി.എഫ്. ആഭിമുഖ്യത്തിലുള്ള സംഘങ്ങളുടെ പേര് ചേർക്കാതിരുന്നിട്ടുണ്ടോ ;

(എഫ്) പ്രവർത്തിക്കാതിരുന്ന 260-ൽപ്പരം എൽ.ഡി.എഫ്. ആഭിമുഖ്യത്തിലുള്ള അംഗങ്ങളെ വോട്ടർ പട്ടികയിൽ ചേർക്കുകയുണ്ടായോ ;

(ജി) യു.ഡി.എഫ്. ആഭിമുഖ്യത്തിലുള്ള പ്രവർത്തിക്കുന്ന സംഘങ്ങളെ വോട്ടർ പട്ടികയിൽ നിന്നൊഴിവാക്കുകയും എൽ.ഡി.എഫ്. ആഭിമുഖ്യത്തിലുള്ള പ്രവർത്തിക്കാത്ത സംഘങ്ങളെ വോട്ടർ പട്ടികയിൽ ചേർക്കുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് പറയുമോ ?

ഉത്തരം

(എ) 442

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മത്സ്യഫെഡിൽ നിന്നും ധനസഹായം നൽകിയിട്ടുള്ള ആകെ 427 സംഘങ്ങളിൽ നിന്നും 32.34 കോടി രൂപ കുടിശ്ശിക ലഭിക്കാനുണ്ട്.

(ഡി) ശ്രീ. വി. ദിനകരൻ അംഗമായ സംഘം 35.43 ലക്ഷം രൂപയും ശ്രീ. വി. വി. ശശീന്ദ്രൻ അംഗമായ സംഘം 42.58 ലക്ഷം രൂപയും കുടിശ്ശിക വരുത്തി.

(ഇ-ജി) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിൽ ഫിഷറീസ് രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം പ്രവർത്തനക്ഷമമല്ലാത്തവയെ ഒഴിവാക്കി പ്രവർത്തിക്കുന്ന 439 സംഘങ്ങളെ ഉൾപ്പെടുത്തിയാണ് ഇലക്ട്രൽ ഓഫീസർ അന്തിമ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ഇതിൽ യു.ഡി.എഫ്. സംഘം എത്രയെന്നോ എൽ.ഡി.എഫ്. സംഘം എത്രയെന്നോ അറിയാൻ കഴിയില്ല. ആകെ 215 സംഘങ്ങൾ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും പുറത്തായി.

ശുദ്ധജല മത്സ്യങ്ങൾക്ക് രോഗം

75 (4683) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. സുജനപാൽ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഏതെല്ലാം സ്ഥലങ്ങളിലുള്ള ശുദ്ധജല മത്സ്യങ്ങൾക്ക് രോഗം വന്നതായി റിപ്പോർട്ടുണ്ട് ;

(ബി) ഈ രോഗം പകരുന്നതിനുള്ള കാരണമെന്താണ് ;

(സി) 2002 ഒക്ടോബറിൽ വെള്ളായണി കായലിൽ കരിമീൻ ചത്തു പൊങ്ങുകയുണ്ടായോ ; ഇതേപ്പറ്റി അന്വേഷിച്ചുവോ ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly